**Malayala Manorama**
**31 August 2018**
**Muvattupuzha; After Flood**

## പ്രളയ ദുരിത കണക്കെടുപ്പിനു പോയ പഞ്ചായത്ത് അംഗത്തിന് കടന്നൽ കുത്തേറ്റു

മൂവാറ്റുപുഴ ● പ്രളയബാധിത പ്രദേശങ്ങളിലെ നഷ്ടക്കണക്കെടുക്കാൻ വീടുകൾ സന്ദർശിക്കുകയായിരുന്ന പഞ്ചായത്ത് വനിതാ ജനപ്രതിനിധി കടന്നൽ കുത്തേറ്റു ഗുരുതരാവസ്ഥയിൽ. വാളകം പഞ്ചായത്തിലെ എട്ടാം വാർഡ് അംഗമായ സീമ അശോകനാണു കടന്നൽ കുത്തേറ്റത്. റാക്കാട് നന്ദോട് ഭാഗത്ത് വീടുകളിൽ കണക്കെടുപ്പു നടത്താൻ റവന്യു ഉദ്യോഗസ്ഥർക്കൊപ്പമാണു സീമയും എത്തിയത്. നന്ദോടുള്ള വീട്ടിലേക്കു കടക്കുന്നതിനിടെ അടുത്തുള്ള മരത്തിലുണ്ടായിരുന്ന കടന്നലുകൾ ഇളകിയെത്തി സീമയെയും മറ്റുള്ളവരെയും ആക്രമിക്കുകയായിരുന്നു. മറ്റുള്ളവർ ഓടി രക്ഷപ്പെട്ടുവെങ്കിലും സീമയെ കടന്നൽകൂട്ടം പിടികൂടി. നാട്ടുകാരോടിക്കൂടി കടന്നൽകൂട്ടത്തെ തുരത്തിയ ശേഷം സീമയെ മൂവാറ്റുപുഴ വാഴപ്പിള്ളി ചാരിസ് ആശുപത്രിയിലെത്തിച്ചു. തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്.



പറവൂർ പള്ളിത്താഴത്തു പ്രളയദിനത്തിലെ വെള്ളത്തള്ളലിൽ കടയുടെ ഷട്ടറുകൾ വളഞ്ഞു വേർപെട്ട നിലയിൽ.